# പൂത്തൃക്ക ഗ്രാമപഞ്ചായത്ത്

## ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള ബൈലാ

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256–ാം വകുപ്പ് 1–ാം ഉപവകുപ്പും 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ 12–ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പൂത്തൃക്ക ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മിറ്റിയുടെ 08/06/2021 തീയതിയിലെ 3–ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ശുപാർശ ചെയ്തിട്ടുള്ള ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള കരട് ബൈലാ 18/06/2021 തീയതിയിലെ 10(1) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും 22/06/2021 തീയതിയിലെ എ8/2200(1)/2021 നമ്പർ നോട്ടീസ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിന് 30 ദിവസത്തെ സമയം നൽകി പ്രസിദ്ധീകരിക്കുകയും നിശ്ചിത ദിവസത്തിനകം യാതൊരു അഭിപ്രായങ്ങളും ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ 30/07/2021 തീയതിയിലെ 5(1) നമ്പർ തീരുമാന പ്രകാരം പൂത്തൃക്ക ഗ്രാമപഞ്ചായത്ത് അംഗീകരിച്ച പൂത്തൃക്ക ഗ്രാമപഞ്ചായത്ത് ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള അന്തിമ ബൈലാ

### I ചുരുക്കപേരും പ്രാരംഭവും

1. ഈ ബൈലാ പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ ശ്മശാനം / ഗ്യാസ് ക്രിമറ്റോറിയം എന്ന പേര് പറയാം.
2. ഈ ബൈലായ്ക്ക് സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭിച്ച് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

### II നിർവ്വചനങ്ങൾ

ഈ ബൈലായിൽ സന്ദർഭം മറ്റൊരുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

1 "ആക്ട് " എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എന്നർത്ഥമാകുന്നു.

2 "പഞ്ചായത്ത്" എന്നാൽ പൂത്തൃക്ക ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു.

3 "സെക്രട്ടറി" എന്നാൽ പൂത്തൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു. ഈ ബൈലായിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

# വ്യവസ്ഥകൾ

1. പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്നതിലേക്കായാണ് ഈ ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഉടമസ്ഥതയും നിയന്ത്രണവും പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ തന്നെ നിക്ഷിപ്തമായിരിക്കും.

2 ശ്മശാനത്തിന്റെ/ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് ചുമതല പഞ്ചായത്ത് ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കേണ്ടതും മൂന്നു മാസത്തിൽ ഒരു തവണയെങ്കിലും കമ്മറ്റി ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്.

3 ശ്മശാനത്തിന്റെ പ്രവർത്തനം ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന സംഗതിയിൽ കാലാ കാലങ്ങളിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിക്കൊണ്ട് മൃതദേഹങ്ങൾ സംസ്ക്കരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾക്കായി പഞ്ചായത്ത് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

4 ശ്മശാനം പരിപാലിക്കുന്നതിനും മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനുമുള്ള അവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. പഞ്ചായത്ത് ടി പ്രവൃത്തിക്ക് ഒരു കരാറുകാരനെ നിയമിക്കേണ്ടതും കരാറുകാരന് അതാത് വർഷം ക്വട്ടേഷൻ ക്ഷണിച്ച് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5 കരാർ ഏറ്റെടുക്കുന്നയാൾ അനുബന്ധം 1 ൽ പറയും പ്രകാരം ഒരു കരാർ ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പു വച്ച് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ഈ ബൈലായിലെ നിബന്ധനകൾക്കും അതിൽ കാലാകാലങ്ങളിൽ പഞ്ചായത്ത് വരുത്തുന്ന ഭേദഗതികൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

6 കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാറുകാരന്റെ നടപടികൾ മൂലം കെട്ടിടത്തിനും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7 ശ്മശാനത്തിന്റെ/ക്രിമറ്റോറിയത്തിന്റെ അറ്റകുറ്റപണികൾ, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ യഥാസമയം പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റി മുമ്പാകെ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കേണ്ടതും അപ്രകാരമുള്ള പ്രവൃത്തികൾ പഞ്ചായത്ത് ബഡ്ജറ്റിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നിർവ്വഹിക്കേണ്ടതുമാണ്.

8 ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനല്ലാതെ ഏതെങ്കിലും രീതിയിലുള്ള സംസ്ക്കരണം അനുവദിക്കുന്നതല്ല.

9 ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്നവർ അനുബന്ധം-2 ൽ ഒരു അപേക്ഷ പൂരിപ്പിച്ച് പഞ്ചായത്തിൽ നൽകേണ്ടതാണ്.

10 ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്ന മൃതദേഹങ്ങളെയും മൃതദേഹം കൊണ്ടുവരുന്നയാളേയും മൃതദേഹം സംസ്ക്കരിച്ചത് സംബന്ധിച്ചും ഒരു രജിസ്റ്റർ അനുബന്ധം 3 ൽ പഞ്ചായത്ത് ഉദ്യോഗസ്ഥൻ/കരാറുകാരൻ എഴുതി സൂക്ഷിക്കേണ്ടതാണ്.

11 സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ മരണമടയുന്നവരുടെ മൃതദേഹം സംസ്ക്കരിക്കുന്നതിന് ആവശ്യപ്പെടുന്ന പക്ഷം മരണപ്പെട്ടിരുന്നയാൾ താമസിച്ചിരുന്ന പ്രദേശം ഉൾപ്പെട്ടു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ സെക്രട്ടറി/ വാർഡ്മെമ്പർ/ കൗൺസിലർ എന്നിവരിൽ ആരുടെയെങ്കിലും അനുബന്ധം 4 ലുള്ള സാക്ഷ്യപത്രം സഹിതം അപേക്ഷ പഞ്ചായത്തിൽ നൽകേണ്ടതാണ്.

12 പൊതു അവധി ദിവസം മൃതദേഹം ദഹിപ്പിക്കുന്നതിന് പ്രസിഡന്റ് /വാർഡ് മെമ്പർക്ക് അപേക്ഷ സ്വീകരിക്കാവുന്നതും അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ അനുവാദം നൽകാവുന്നതുമാണ്. ഇപ്രകാരം നൽകപ്പെടുന്ന അനുവാദങ്ങളിൽ അടുത്ത പ്രവർത്തി ദിവസത്തിൽ സെക്രട്ടറിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്.

13 മരണപ്പെട്ട ആളെയും/ ശ്മശാനത്തിൽ മൃതദേഹം കൊണ്ടുവരുന്നയാളെയും തിരിച്ചറിയുന്നതിനായി സ്ഥലം എം.പി./ എം.എൽ.എ/ ജില്ല/ ബ്ലോക്ക്/ ഗ്രാമ/ പഞ്ചായത്ത് മെമ്പർ എന്നിവരിൽ ആരെങ്കിലും അനുബന്ധം-4 പ്രകാരം നൽകിയ സാക്ഷ്യപത്രവും താഴെ പറയുന്ന ഏതെങ്കിലും ഒരു രേഖയും അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്

(തെരഞ്ഞെടുപ്പ് കമ്മീഷൻ നല്കിയിട്ടുള്ള തിരിച്ചറിയൽ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുമേഖല സഹകരണ ബാങ്കുകൾ എന്നിവ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പാസ്ബുക്ക്/സ്ക്കൂൾ സർട്ടിഫിക്കറ്റ്/റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ ഫോട്ടോകോപ്പി (ഒറിജിനൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്)

14 അപകടം/കൊലപാതകം അസ്വാഭാവിക മരണം തുടങ്ങിയ കേസുകളിൽ പോലീസ് റിപ്പോർട്ട് കൂടി ഹാജരാക്കിയാലേ മൃതദേഹം സംസ്ക്കരിക്കുവാൻ പാടുള്ളൂ.

15 ശ്മശാനത്തിന്റെ പ്രവർത്തനസമയം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ആയിരിക്കും മൃതദേഹം ദഹിപ്പിക്കുന്നതു സംബന്ധിച്ച വിവരം വൈകുന്നേരം 5 മണിക്ക് മുമ്പായി രേഖാമൂലം പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. വൈകുന്നേരം 5 മണിക്ക് ശേഷം മൃതദേഹങ്ങൾ പ്രവേശിപ്പിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

16 പൊതുശ്മശാനത്തിൽ കൊണ്ടുവന്ന മൃതദേഹം സംസ്ക്കരിക്കുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മൃതദേഹം കൊണ്ടുവരുന്നയാൾക്ക് ആയിരിക്കുന്നതും മൃതദേഹം പൂർണ്ണമായി കത്തി തീരുന്നതുവരെ ടിയാൻ ശ്മശാനത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

17 മൃതദേഹം ദഹിപ്പിക്കുന്നതിന് പഞ്ചായത്ത് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് മൃതദേഹങ്ങൾ കൊണ്ടുവരുന്നവർ നൽകേണ്ടതാണ്. ഇപ്രകാരമുള്ള ഫീസ് പഞ്ചായത്തിൽ അടച്ച് രസീത് വാങ്ങിയിട്ടില്ലെങ്കിൽ ഉദ്യോഗസ്ഥൻ/ കരാറുകാരൻ/ ശ്മശാനത്തിൽ നിയമിക്കുന്ന ദിവസവേതനക്കാരൻ നേരിട്ട് ഫീസ് കൈപ്പറ്റി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

18 കരാർ പ്രകാരമാണ് ശ്മശാനം പ്രവർത്തിക്കുന്നതെങ്കിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് മുമ്പ് അനുബന്ധം 5 പ്രകാരം ഉള്ള കുറിപ്പ് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി ഉറപ്പു വരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന കുറിപ്പുകൾ ക്രമ നമ്പരിട്ട് സൂക്ഷിക്കേണ്ടതും മാസത്തിലൊരിക്കൽ പരിശോധനയ്ക്ക് പഞ്ചായത്തിൽ ഹാജരാക്കേണ്ടതുമാണ്.

19 മൃതദേഹത്തേയും മൃതദേഹം കൊണ്ടുവരുന്നയാളേയും സംബന്ധിച്ച് ആവശ്യമെങ്കിൽ മതിയായ അന്വേഷണങ്ങളും പരിശോധനകളും നടത്തുന്നതിന്

പഞ്ചായത്ത് സെക്രട്ടറിക്കും അദ്ദേഹം ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

20 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ മൃതദേഹം ദഹിപ്പിക്കുന്നതിന് ഈ വിഭാഗത്തിന് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന കുറഞ്ഞ ഫീസ് ഒടുക്കിയാൽ മതിയാകുന്നതാണ്.

21 മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസിനു പുറമെ മറ്റ് തുകകളൊന്നും കരാറുകാരൻ/ഉദ്യോഗസ്ഥൻ ഈടാക്കുവാൻ പാടുള്ളതല്ല

22 ശ്മശാനത്തിൽ വെച്ച് ചെയ്യുവാനുള്ള ആചാരപരമായ ചടങ്ങുകൾ നിർവ്വഹിക്കുന്നതിന് മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ശവദാഹത്തിന് മുമ്പും, പിൻപും ഇപ്രകാരമുള്ള ചടങ്ങുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ മൃതദേഹം കൊണ്ടുവരുന്നവർ ചെയ്യേണ്ടതാണ്.

23 മരണപ്പെട്ടയാളുടെ മരണാനന്തര കർമ്മങ്ങൾക്കായി ബന്ധുക്കൾ ആവശ്യപ്പെടുന്ന പക്ഷം ചിതാഭസ്മം ചെറിയ മൺകുടത്തിൽ കരാറുകാരൻ ശേഖരിച്ച് നൽകേണ്ടതാണ്.

24 ശ്മശാനവും പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്. ശ്മശാനത്തിന്റെ കോമ്പൗണ്ടിനകത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം അനുവദിക്കുന്നതല്ല.

25 ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡുകൾ പഞ്ചായത്ത് തയ്യാറാക്കി ശ്മശാനത്തിലും പഞ്ചായത്ത് ഓഫീസിലും പ്രദർശിപ്പിക്കേണ്ടതാണ്.

26 അനാഥ പ്രേതങ്ങളെ സംബന്ധിച്ച് പോലീസിൽ നിന്നും ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് അവ ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ പഞ്ചായത്ത് നേരിട്ട് ചെയ്യേണ്ടതാണ്. അനാഥ പ്രേതങ്ങൾ ദഹിപ്പിക്കുന്നതിന് ആവശ്യമായി വന്നേക്കാവുന്ന ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

27 ശ്മശാനത്തിലേക്ക് പൊതുവഴിയിലൂടെ കൊണ്ടുവരുന്ന മൃതദേഹങ്ങൾ മാന്യമായി മറച്ചിരിക്കേണ്ടതാണ്. മൃതശരീരങ്ങൾ ശ്മശാനത്തിലേക്ക് ചുമന്നുകൊണ്ടുവരുന്നവർ യാതൊരു കാരണവശാലും അവ പൊതുവഴിയിലോ ശ്മശാനത്തിലോ ഉപേക്ഷിച്ചു പോകുവാൻ പാടുള്ളതല്ല. പോസ്റ്റ്മോർട്ടം നടത്തിയ മൃതദേഹമോ മൃതദേഹത്തിന്റെ ഭാഗങ്ങളോ ശവപ്പെട്ടിയിൽ അടക്കം ചെയ്യാതെ പൊതുവഴിയിലൂടെ യാതൊരു സ്ഥലത്തേക്കും നീക്കം ചെയ്യാൻപാടുള്ളതല്ല യാതൊരു കാരണവശാലും 2 മണിക്കൂറിൽ കൂടുതൽ മൃതദേഹം ശ്മശാനത്തിൽ സൂക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.

28 ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിന് കൊണ്ടുവരുന്ന മൃതദേഹങ്ങളെ സംബന്ധിച്ച് ശരിയായ വിവരങ്ങൾ നൽകാതിരിക്കുകയോ വ്യാജമായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നവരിൽ നിന്നും ഖണ്ഡിക 30 ൽ പറയുന്ന പ്രകാരം പിഴ ചുമത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

29 അപ്രതീക്ഷമായ അപകടങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ എന്നിവ മൂലമുണ്ടാകുന്ന കൂട്ട മരണങ്ങളിൽ, മൃതദേഹങ്ങൾ പൊതുശ്മശാനത്തിൽ ദഹിപ്പിക്കേണ്ട അടിയന്തിര ഘട്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

30 ബൈലായുടെ ലംഘനം നടത്തുന്ന ഏതൊരാളും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 256(2) പ്രകാരം പിഴ ഒടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും. ആദ്യ ലംഘനത്തിന് 500/- രൂപ വരെയും ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും 50/- രൂപ വരെയും പിഴ ഒടുക്കേതാണ്.

31 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ബി.പി.എൽ വിഭാഗത്തിൽ പെട്ടവർ എന്നിവർക്ക് കുറഞ്ഞ നിരക്കിൽ ഫീസ് വാങ്ങാവുന്നതാണ്. ഫീസിന്റെ ഘടനയിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും.

OFFICE OF THE POOTHRIKKA GRAMA PANCHAYAT * POOTHRIKKA-682 308 *

Secretary
Poothrikka Grama Panchayath

# അനുബന്ധം-1

202......-ാം മാണ്ട് ................. മാസം .......ാം തീയ്യതി പൂത്തൃക്ക ഗ്രാമപഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും ................ താലൂക്കിൽ ........................ വില്ലേജിൽ ..................... ദേശത്ത് /കരയിൽ ................................ വീട്ടിൽ ............................................ മകൻ ..........................വയസ്സുള്ള .............................. എന്നവർ രണ്ടാം കക്ഷിയായും ഒപ്പിട്ട കരാർ

പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പൊതുശ്മശാനം പ്രവർത്തിപ്പിക്കുന്നതിനായി ഒന്നാം കക്ഷി നിയമിച്ച പ്രകാരം രണ്ടാം കക്ഷി സമ്മതപത്രം സമർപ്പിക്കുകയുണ്ടായി .................. തീയതിയിൽ കൂടിയ ഗ്രാമ പഞ്ചായത്ത് രണ്ടാം കക്ഷി സമർപ്പിച്ച സമ്മതപത്രം അംഗീകരിക്കുകയും പൂത്തൃക്ക ഗ്രാമപഞ്ചായത്തിനുവേണ്ടി രണ്ടാം കക്ഷിയുമായി കരാർ ഒപ്പിടുന്നതിന് ഒന്നാം കക്ഷിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ഒന്നും രണ്ടും കക്ഷികൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

## വ്യവസ്ഥകൾ

1. പൂത്തൃക്ക ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പൊതുശ്മാശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന ജോലി 202.. -ാം മാണ്ട് ................ മാസം ...... തീയ്യതി മുതൽ 202.. -ാം മാണ്ട് ................ മാസം ......... തീയ്യതി വരെ ദിവസമൊന്നിന് പഞ്ചായത്ത് നിശ്ചയിക്കുന്ന കൂലിക്ക് ജോലി ചെയ്യുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിയെ തിരഞ്ഞെടുത്തിരിക്കുന്നു.

2 ശ്മശാനത്തിൽ ദഹിപ്പിക്കുന്ന ഓരോ മൃതദേഹത്തിനും ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ ഫീസ് മൃതദേഹങ്ങൾ കൊണ്ടുവരുന്നവരിൽ നിന്നും ഈടാക്കുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

3 പൂത്തൃക്ക ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി ഒന്നാം കക്ഷിയുടെ ഉത്തരവ് പ്രകാരം കൊണ്ടു വരുന്ന മൃതദേഹങ്ങളും മൃതദേഹങ്ങൾ പൊതിഞ്ഞു കൊണ്ടുവരുന്ന വസ്ത്രങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ പൂർണ്ണമായും ദഹിപ്പിക്കുന്ന ജോലി തൃപ്തികരമായും ഭംഗിയായും പരാതിക്കിടയാകാത്തവിധം യഥാസമയം നിർവ്വഹിച്ചു കൊള്ളാമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു.

4 ഒന്നാം കക്ഷിയോ ഒന്നാം കക്ഷി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രേഖാമൂലം നൽകുന്ന ഉത്തരവുകൾക്ക് വിധേയമായി മാത്രമേ രണ്ടാം കക്ഷി പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുവാൻ പാടുള്ളു.

5 മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിലേക്കായി കൊണ്ടു വരുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസിന് രണ്ടാം കക്ഷി മതിയായ രസീത് നൽകേണ്ടതാണ്.

6 പൊതു ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനുവേണ്ടി ഇന്ധനം (ഗ്യാസ്) ഒന്നാം കക്ഷി പഞ്ചായത്ത് ചെലവിൽ ശേഖരിച്ച് ശ്മശാനത്തിൽ സൂക്ഷിക്കേണ്ടതും മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ആവശ്യമായ ഇന്ധനം ഉപയോഗിച്ച് മൃതദേഹങ്ങളും മൃതദേഹത്തെ പൊതിഞ്ഞു കൊണ്ടുവരുന്ന വസ്ത്രങ്ങളും പൂർണ്ണമായും രണ്ടാം കക്ഷി ദഹിപ്പിച്ചു കളയേണ്ടതുമാണ്.

7 പൊതുശ്മശാനത്തിൽ മൃതദേഹങ്ങൽ ദഹിപ്പിക്കുന്നതിന് അനുബന്ധം-5 പ്രകാരമുള്ള കുറിപ്പ് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി ഉറപ്പു വരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന കുറിപ്പുകൾ ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അനുബന്ധം-3 പ്രകാരമുള്ള ഒരു രജിസ്റ്ററിൽ രണ്ടാം കക്ഷി കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും മാസത്തിലൊരിക്കൽ പരിശോധനയ്ക്കായി പഞ്ചായത്ത് ആഫിസിൽ ഹാജരാക്കി ഒന്നാം കക്ഷിയെകൊണ്ടോ ഒന്നാം കക്ഷി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെകൊണ്ടോ പരിശോധിപ്പിച്ച് ഒപ്പ് വെച്ച് സൂക്ഷിക്കേണ്ടതുമാണ്. ജോലിയിൽനിന്ന് പിരിഞ്ഞ് പോകുമ്പോൾ പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

8. മൃതദേഹങ്ങൾ യാതൊരു കാരണവശാലും വൈകുന്നേരം 5 മണിക്കുശേഷം ശ്മശാനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി ഒന്നാം കക്ഷി അനുവദിച്ചിട്ടുള്ള മൃതദേഹങ്ങൾ പൊതുശ്മശാനത്തിലെത്തി ഉടൻ തന്നെ ദഹിപ്പിക്കുന്നതിനുള്ള പ്രക്രിയ രണ്ടാം കക്ഷി ആരംഭിച്ചിരിക്കേണ്ടതാണ്.

9. ശ്മശാന നടത്തിപ്പിനാവശ്യമായ തൊഴിലാളികളെ രണ്ടാം കക്ഷിയ്ക്ക് നിയമിക്കാവുന്നതാണ്. എന്നാൽ രണ്ടാംകക്ഷി മറ്റൊരാൾക്ക് കരാർ നൽകി ശ്മശാനം നടത്താൻ പാടുള്ളതല്ല.

10. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതൊഴികെയുള്ള യാതൊരുവിധത്തിലുള്ള സംസ്കരണരീതിയും രണ്ടാംകക്ഷി സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

11 പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് അനുവദനീയമായ ഫീസ് ഒഴികെ യാതൊരുവിധത്തിലുള്ള തുകകളും രണ്ടാംകക്ഷി പൊതുജനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടുള്ളതല്ല.

12 മരണപ്പെട്ടയാളുടെ മരണാനന്തര കർമ്മങ്ങൾക്കായി ബന്ധുക്കൾ ആവശ്യപ്പെടുന്ന പക്ഷം ചിതാഭസ്മം ചെറിയ മൺകുടത്തിൽ രണ്ടാം കക്ഷി ശേഖരിച്ച് നൽകേണ്ടതാണ്.

13 പൊതുശ്മശാനവും പരിസരങ്ങളും എല്ലായ്പ്പോഴും ശുചിയായും വൃത്തിയായും സൂക്ഷിച്ചുകൊള്ളാമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു. ശ്മശാനത്തിനു ചുറ്റും ലഭ്യമായ സ്ഥലങ്ങളിൽ പൂച്ചെടികളും തണൽമരങ്ങളും നട്ടു നനച്ച് പരിപാലിക്കുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് നിർദ്ദേശങ്ങൾ നൽകുമ്പോൾ രണ്ടാം കക്ഷി ടി പ്രവർത്തികൾ ചെയ്തു കൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു.

14 പൂത്തൃക്ക ഗ്രാമപഞ്ചായത്ത് വക പൊതുശ്മശാനം നടത്തിപ്പിനായി പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള ബൈലാ പ്രകാരം പ്രവർത്തിക്കുന്നതിന് ഒന്നും രണ്ടും കക്ഷികൾ ബാദ്ധ്യസ്ഥരായിരിക്കും.

15 മൃതദേഹങ്ങൾ കൊണ്ടുവരുന്നവരോട് രണ്ടാം കക്ഷി സഹാനുഭൂതിയോടെയും മാന്യമായും പെരുമാറേണ്ടതാണ്. മൃതദേഹങ്ങളോട് രണ്ടാം കക്ഷി ആദരവും ബഹുമാനവും പ്രകടിപ്പിക്കേണ്ടതാണ്.

16 ഈ കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രണ്ടാം കക്ഷി പ്രവർത്തിക്കുന്നതുമൂലം ഒന്നാം കക്ഷിക്കോ പൊതു ജനങ്ങൾക്കോ എന്തെങ്കിലും ബുദ്ധിമുട്ടുകളോ കഷ്ടപ്പാടുകളോ ഉണ്ടാകാൻ ഇടയായാൽ ആയതിന് രണ്ടാം കക്ഷി ഉത്തരവാദിയായിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടം രണ്ടാം കക്ഷിയിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

17 മേൽ വ്യവസ്ഥകൾ പരസ്പരം സമ്മതിച്ച് ഈ കരാറിൽ ഇന്നേ ദിവസം താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ ഒന്നും രണ്ടും കക്ഷികൾ ഒപ്പു വെച്ചിരിക്കുന്നു.

1. ഒന്നാം കക്ഷി (പഞ്ചായത്ത് സെക്രട്ടറി) ......................................

സാക്ഷികൾ

1.

2.

1) രണ്ടാം കക്ഷി (കരാറുകാരൻ)............................

സാക്ഷികൾ

1)

2)

OFFICE OF THE POOTHRIKKA GRAMA PANCHAYAT * POOTHRIKKA-682 308 *

Secretary
Poothrikka Grama Panchayath

അനുബന്ധം–2

## പുത്തൃക്ക ഗ്രാമപഞ്ചായത്ത്

## പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിന് അനുവാദത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | ക്രമനമ്പർ | : |
| 2 | ശ്മശാനത്തിൽ കൊണ്ടുവന്ന തീയതിയും സമയവും | : |
| 3 | പൂർണ്ണമായ പേര് | : |
| 4 | പിതാവിന്റെയോ/ഭർത്താവിന്റെയോ പേര് | : |
| 5 | മരണ തീയതി , സമയം | : |
| 6 | മരണ സ്ഥലം | : |
| 7 | വയസ് | : |
| 8 | സ്ത്രീ/ പുരുഷൻ | : |
| 9 | മതം/ ജാതി | : |
| 10 | തൊഴിൽ | : |
| 11 | വിവാഹനില | : |
| 12 | ദേശീയത്വം | : |
| 13 | പൂർണ്ണമായ മേൽവിലാസം | : |
| 14 | മരണകാരണം | : |
| 15 | മരണം വൈദ്യശാസ്ത്രപരമായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ | : |
| 16 | ചികിത്സിച്ച ആശുപത്രി / ഡോക്ടറുടെ | |
| 17 | വിലാസം | : |
| 18 | മരണം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ | : |
| 19 | പോലീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ | : |
| 20 | മരണപ്പെട്ട ആളെ തിരിച്ചറിയുന്ന രേഖകൾ | : |
| 21 | മൃതദേഹം ദഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി സമയം | : |

## അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ

1 മൃതദേഹം കൊണ്ടുവരുന്നയാളുടെ പേര് :

2 പൂർണ്ണമായ വിലാസം :

3 മരിച്ച ആളുമായുള്ള ബന്ധം :

4 അപേക്ഷകനെ തിരിച്ചറിയുന്നതിന്

ഹാജരാക്കിയ രേഖകൾ :

5 ഒപ്പ് :

6 റിമാർക്സ് :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഹാജരാക്കിയിട്ടുള്ള രേഖകളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പൂർണ്ണമായും സത്യമാണ്. ഹാജരാക്കിയിട്ടുള്ള രേഖകളിലോ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളിലോ എന്തെങ്കിലും അപാകതകൾ ഉള്ളതായി പിന്നീട് പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം ഉണ്ടായേക്കാവുന്ന എല്ലാവിധ നിയമ നടപടികൾക്കും ഞാൻ ഉത്തരവാദിയായിരിക്കുന്നതാണ്.

ഒപ്പ്:

അപേക്ഷകന്റെ പേര്:

സ്ഥലം :

തീയതി :

## ഓഫീസ് ഉപയോഗത്തിന്

നമ്പർ:

തീയതി :

രേഖകൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും

അനുവദിച്ചു / നിരസിച്ചു

സെക്രട്ടറി

ഒപ്പ്

Secretary
Poothrikka Grama Panchayath

OFFICE OF THE POOTHRIKKA GRAMA PANCHAYAT * POOTHRIKKA 682 308 *

അനുബന്ധം-3

ഫാറം നമ്പർ 111

(കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങള്)

(9-ാം ചട്ടം കാണുക)

പൂത്ത്യക്ക ഗ്രാമ പഞ്ചായത്ത്

ലൈസൻസിയുടെ പേരും മേൽവിലാസവും: സെക്രട്ടറി, പൂത്ത്യക്ക ഗ്രാമ പഞ്ചായത്ത്, പൂത്ത്യക്ക

ലൈസൻസ് നമ്പറും തീയതിയ:

| | | | |
|---|---|---|---|
| മരിച്ച ആളിനെ സംബന്ധിച്ച വിവരം | 1 | ക്രമ നമ്പർ : | |
| | 2 | ശ്മശാനത്തിൽ കൊണ്ടുവന്ന തീയതിയും സമയവും : | |
| | 3 | പേര് : | |
| | 4 | പിതാവിന്റെയോ/ഭർത്താവിന്റെയോ പേര് : | |
| | 5 | മരണ തീയതി : | |
| | 6 | മരണ സ്ഥലം : | |
| | 7 | വയസ് : | |
| | 8 | സ്ത്രീ/പുരുഷൻ : | |
| | 9 | മതം/ജാതി : | |
| | 10 | ദേശീയതം : | |
| | 11 | മേൽവിലാസം : | |
| | 12 | മരണകാരണം : | |
| | 13 | മരണം വൈദ്യശാസ്ത്രപരമായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ : | |
| | 14 | മറവ് ചെയ്തതോ ദഹിപ്പിച്ചതോ എന്ന് : | |
| മൃതശരീരം കൊണ്ടുവന്ന ആളിനെ സംബന്ധിച്ച വിവരം | 15 | പേര് : | |
| | 16 | വിലാസം : | |
| | 17 | മരിച്ച ആളുമായുള്ള ബന്ധം : | |
| | 18 | ഒപ്പ് : | |
| | 19 | ലൈസൻസി/ചുമതലപ്പെടുത്തിയ ആളിന്റെ ഒപ്പ് : | |
| | 20 | റിമാർക്സ് : | |

ബി) അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ

1. പൂർണ്ണമായ പേര് :
2. പിതാവിന്റെ/ ഭർത്താവിന്റെ പേര് :
3. അപേക്ഷകന്റെ മേൽവിലാസം :
4. വാർഡ് നമ്പർ .................... വീട്ട് നമ്പർ .................. പിൻ നമ്പർ..........................
   ഫോൺ നമ്പർ ......................................................
5. അപേക്ഷകനും മരിച്ചയാളും തമ്മിലുള്ള ബന്ധം :
6. അപേക്ഷകനെ തിരിച്ചറിയാൻ ഹാജരാക്കുന്ന രേഖകൾ :

## സത്യ പ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഹാജരാക്കിയിട്ടുള്ള രേഖകളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പൂർണ്ണമായും സത്യമാണ്. ഹാജരാക്കിയിട്ടുള്ള രേഖകളിലോ, പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളിലോ എന്തെങ്കിലും അപാകതകൾ ഉള്ളതായി പിന്നീട് പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം ഉണ്ടായേക്കാവുന്ന എല്ലാവിധ നിയമ നടപടികൾക്കും ഞാൻ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം : ഒപ്പ്

തീയതി : അപേക്ഷകന്റെ പേര്

## ഓഫീസ് ഉപയോഗത്തിന്

നമ്പർ:

തീയതി :

രേഖകൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും

അനുവദിച്ചു / നിരസിച്ചു

സെക്രട്ടറി

ഒപ്പ്

അനുബന്ധം–4

## സാക്ഷ്യ പത്രം

...................................................... താലൂക്കിൽ ...................................................... വില്ലേജിൽ .... ............................................ മുനിസിപ്പാലിറ്റിയിൽ/പഞ്ചായത്തിൽ ...................... വാർഡിൽ ...................................................................... .................................... കരയിൽ / ദേശത്ത് .......................................... ............................................................................ വീട്ടിൽ താമസം .................................................................................................... എന്നയാളുടെ മകൻ മകൾ/ഭാര്യ ......................................................................... എന്നയാളെ എനിക്ക് നേരിട്ടറിയാവുന്നതും ടിയാൻ ........................................ തീയതിയിൽ .......................................................................... സ്ഥലത്തു വച്ച് .................................................................................... (മരണ കാരണം) മൂലം മരണപ്പെട്ടിട്ടുള്ളതായും സാക്ഷ്യപ്പെടുത്തുന്നു.

പരേതന്റെ മൃതദേഹം പൂത്തൃക്ക ഗ്രാമപഞ്ചായത്ത് പൊതു ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്ന ...................................................... താലൂക്ക് ....................................................... വില്ലേജിൽ ................................... ................................ .......... .മുനിസിപ്പാലിറ്റി/ പഞ്ചായത്തിൽ ............... വാർഡിൽ .................................................................. ദേശത്ത് / കരയിൽ ...................................................................................... വീട്ടിൽ താമസിക്കുന്ന ........................................................................................ എന്നയാളെ എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ടിയാന്റെ അപേക്ഷ പരിഗണിച്ച് ടി മൃതദേഹം പൂത്തൃക്ക പഞ്ചായത്തിന്റെ പൊതു ശ്മശാനത്തിൽ ദഹിപ്പിക്കുവാൻ അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു കൊള്ളുന്നു.

ഒപ്പ്

പേര്

സ്ഥലം: സ്ഥാനപ്പേര്

തീയ്യതി ഓഫീസ് വിലാസം

(സീൽ)

Secretary
Poothrikka Grama Panchayath

OFFICE OF THE POOTHRIKKA GRAMA PANCHAYAT
POOTHRIKKA-682 308

അനുബന്ധം–5

## ശ്മശാനം കരാറുകാരനുള്ള കുറിപ്പ്

ഫയൽ നം.

ശ്രീ/ശ്രീമതി
ശ്മശാനം കോൺട്രാക്ടർ
പൂത്തൃക്ക ഗ്രാമപഞ്ചായത്ത്.

........................................................................ ജില്ലയിൽ ..................................................... താലൂക്കിൽ

.................................................... പഞ്ചായത്തിൽ ............................................................................

വില്ലേജിൽ ............................................................................ ദേശത്ത് ............................................................

................................... വീട്ടിൽ ............................................................................ എന്ന .............. വയസ്സുള്ള

സ്ത്രീ/ പുരുഷന്റെ മൃതദേഹം പഞ്ചായത്ത് ശ്മശാനത്തിൽ സംസ്ക്കരിക്കുന്നതിനായി

അനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ മൃതദേഹവുമായി വരുന്ന ശ്രീ/ശ്രീമതി

........................................................................................................................................... എന്നയാൾക്ക്

മൃതദേഹം സംസ്ക്കരിക്കുന്നതിനായുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

സ്ഥലം
തീയ്യതി

സെക്രട്ടറി
പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്

(ഓഫീസ് സീൽ)

(ഒപ്പ്)

ഡയറക്ടർ (റൂറൽ)

Secretary
Poothrikka Grama Panchayath